REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 23-12-2024 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **കേന്ദ്ര മന്ത്രാലയങ്ങളിലും വകുപ്പുകളിലും 71,000-ത്തിലേറെ പേർക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി വീഡിയോ കോൺഫറൻസിലൂടെ ഇന്ന് നിയമന ഉത്തരവുകൾ കൈമാറും.**
- **ഇന്ത്യയും കുവൈറ്റും തന്ത്രപ്രധാനമായ നാല് മേഖലകളിൽ പങ്കാളിത്തമുറപ്പിക്കാൻ ധാരണയായി.**
- **ഇന്ന് ദേശീയ കർഷക ദിനം.**
- **ആൻറി മൈക്രോബിയൽ പ്രതിരോധം സമീപഭാവിയിൽ ഉണ്ടായേക്കാവുന്ന വലിയ വിപത്താണെന്ന് മന്ത്രി വീണാ ജോർജ്.**
- **ISL ഫുട്ബോളിൽ കേരള ബ്ലാസ്റ്റേഴ്സിന് വിജയം.**

## വാർത്തകൾ വിശദമായി

കേന്ദ്ര മന്ത്രാലയങ്ങളിലും വകുപ്പുകളിലും 71,000-ത്തിലേറെ പേർക്ക് റോസ്ഗാർ മേളയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി വീഡിയോ കോൺഫറൻസിലൂടെ ഇന്ന് നിയമന ഉത്തരവുകൾ കൈമാറും.

PM-റോസ്ഗാർ മേളയുടെ പതിനാലാം പതിപ്പാണിത്. പുതുതായി നിയമനം ലഭിച്ചവരെ പ്രധാനമന്ത്രി അഭിസംബോധന ചെയ്യും. രാജ്യത്ത് 45 കേന്ദ്രങ്ങളിലാണ് റോസ്ഗാർ മേള ഇന്ന് സംഘടിപ്പിച്ചിരിക്കുന്നത്.

ഡെസ്ക് റിപ്പോർട്ട്...

.......വോയ്സ്.....

2022 ഒക്ടോബറിൽ ആരംഭിച്ച റോസ്ഗാർ മേളകൾ 50 നഗരങ്ങളിൽ ഇതിനകം നടത്തിക്കഴിഞ്ഞു. ഗവൺമെന്റ് മേഖലയിലെ ഒഴിവുകൾ നികത്തുകയാണ് റോസ്ഗാർ മേളകളുടെ ലക്ഷ്യം. ആഭ്യന്തര വകുപ്പ്, തപാൽ, ഉന്നത വിദ്യാഭ്യാസം, ആരോഗ്യ-കുടുംബക്ഷേമം, സാമ്പത്തിക സേവനം തുടങ്ങിയ മേഖലകളിലാണ് നിയമനം നടത്തുന്നത്.

കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ ആഭിമുഖ്യത്തിൽ രാവിലെ തിരുവനന്തപുരം പള്ളിപ്പുറം CRPF ഗ്രൂപ്പ് സെന്ററിൽ സംഘടിപ്പിക്കുന്ന തൊഴിൽ മേളയിൽ കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി മുഖ്യാതിഥിയാകും. ഉദ്യോഗാർത്ഥികൾക്ക് അദ്ദേഹം നിയമന പത്രങ്ങളും കൈമാറും.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ന്യൂഡൽഹിയിൽ കാത്തലിക് ബിഷപ്പ്സ് കോൺഫറൻസ് ഒരുക്കുന്ന ക്രിസ്മസ് ആഘോഷങ്ങളിൽ പങ്കെടുക്കും. ക്രൈസ്തവ സമുദായത്തിലെ കർദിനാൾമാർ, ബിഷപ്പുമാർ, മറ്റ് പ്രമുഖ വ്യക്തികൾ തുടങ്ങിയവരുമായി പ്രധാനമന്ത്രി സംവദിക്കും. CBC ആസ്ഥാനത്ത് സംഘടിപ്പിക്കുന്ന ക്രിസ്മസ് ആഘോഷങ്ങളിൽ ആദ്യമായാണ് പ്രധാനമന്ത്രി പങ്കെടുക്കുന്നത്.

✪✪✪

ഇന്ത്യ-കുവൈറ്റ് ഉഭയകക്ഷി ബന്ധം ശക്തിപ്പെടുത്തുന്ന തന്ത്രപ്രധാനമായ നാല് മേഖലകളിൽ പങ്കാളിത്തമുറപ്പിക്കാൻ പ്രധാനമന്ത്രി നരേന്ദ്രമോദിയും കുവൈറ്റ് അമീർ ഷെയ്ഖ് മിഷാൽ അൽ അഹമ്മദ് അൽ ജാബർ അൽ സബാഹും നടത്തിയ കൂടിക്കാഴ്ചയിൽ ധാരണയായി. പ്രതിരോധം, കായികം, സാംസ്കാരം, സൗരോർജം എന്നീ മേഖലകളിൽ സഹകരണം ഉറപ്പുവരുത്തുന്ന ധാരണാപത്രത്തിൽ ഇരുവരും ഒപ്പുവെച്ചു.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

.....വോയ്സ്.........

43 വർഷത്തിനിടെ ഇതാദ്യമായാണ് ഒരു ഇന്ത്യൻ പ്രധാനമന്ത്രി കുവൈറ്റിലെത്തുന്നത്. രണ്ടു ദിവസത്തെ സന്ദർശനത്തിനായി ശനിയാഴ്ച കുവൈറ്റിലെത്തിയ പ്രധാനമന്ത്രി നരേന്ദ്രമോദിക്ക് ആചാരപരമായ വരവേൽപ്പും ഗാർഡ് ഓഫ് ഓണറും നൽകി. കുവൈറ്റിന്റെ പരമോന്നത ബഹുമതിയായ ദി ഓർഡർ ഓഫ് മുബാറക് അൽ കബീർ നൽകി പ്രധാനമന്ത്രിയെ ആദരിച്ചു.

എല്ലാ ഭീകരവാദ പ്രവർത്തനങ്ങളേയും ഇന്ത്യയും കുവൈറ്റും അപലപിച്ചു. തീവ്രവാദ പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകുന്ന ശൃംഖലകളും സുരക്ഷിത താവളങ്ങളും തകർക്കാൻ ഇരുരാജ്യങ്ങളും ആഹ്വാനം ചെയ്തു. തീവ്രവാദ വിരുദ്ധ പ്രവർത്തനങ്ങളിൽ സഹകരണം വർധിപ്പിക്കാൻ ഇരുരാജ്യങ്ങളും സമ്മതിച്ചതായി വിദേശമന്ത്രാലയം പ്രസ്താവനയിൽ അറിയിച്ചു.

✪✪✪

രാജ്യത്തെ വിമാനത്താവളങ്ങളിൽ ഉഡാൻ യാത്രി കഫേകൾ തുടങ്ങാൻ സിവിൽ വ്യോമയാന മന്ത്രാലയം തീരുമാനിച്ചു. യാത്രക്കാർക്ക് ന്യായമായ വിലയിൽ ഭക്ഷണവും വെള്ളവും ഉൾപ്പെടെ സൗകര്യങ്ങൾ ലഭ്യമാക്കാനാണ് കഫേകൾ തുറക്കുന്നത്. പരീക്ഷണാടിസ്ഥാനത്തിൽ കൊൽക്കത്തെയിൽ ആരംഭിച്ച ആദ്യ ഉഡാൻ യാത്രി കഫേ വിജയമെന്ന് കണ്ടാൽ എല്ലാ വിമാനത്താവളങ്ങളിലേക്കും വ്യാപിപ്പിക്കും. എയർപ്പോർട്ട് അതോറിറ്റി ഓഫ് ഇന്ത്യക്കാണ് കഫേകളുടെ നടത്തിപ്പു ചുമതല.

✪✪✪

കോഴിക്കോട് എരഞ്ഞിക്കൽ സ്വദേശിയായ സൈനികൻ വിഷ്ണുവിനെ കാണാതായ സംഭവത്തിൽ സമഗ്രമായ അന്വേഷണം നടത്താൻ നിർദ്ദേശം നൽകിയതായി മന്ത്രി AK.ശശീന്ദ്രൻ അറിയിച്ചു.

സിറ്റി പോലീസ് കമ്മീഷണറുടെ നേതൃത്വത്തിൽ ഇതിനായി പ്രത്യേക സ്ക്വാഡ് രൂപീകരിക്കും. സൈബർ വിദഗ്ദ്ധർ കൂടി ഉൾപ്പെടുന്നതായിരിക്കും സ്ക്വാഡ്. സൈന്യത്തിന്റെ സഹായവും ഇക്കാര്യത്തിൽ തേടിയതായി മന്ത്രി അറിയിച്ചു. പൂണെയിലെ ആർമി ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് അവധിയെടുത്ത് നാട്ടിലേക്ക് പുറപ്പെട്ടതാണ് വിഷ്ണുവിനെ കഴിഞ്ഞ ബുധനാഴ്ച മുതലാണ് കാണാതായത്.

✪✪✪

കേരള വനനിയമ ഭേദഗതി കരട് വിജ്ഞാപനത്തിൽ കേരള കോൺഗ്രസ് (M) നേതാക്കൾ ഇന്ന് മുഖ്യമന്ത്രി പിണറായി വിജയനെ നേരിൽ കണ്ട് അതൃപ്തി അറിയിക്കും. പാർട്ടി MLAമാരോടൊപ്പം ചെയർമാൻ ജോസ്.K മാണി MP ഇന്നു വൈകിട്ടാണ് മുഖ്യമന്ത്രിയെ സന്ദർശിക്കുന്നത്.

സംസ്ഥാനത്തു വനാതിർത്തി പങ്കിടുന്ന 430 പഞ്ചായത്തുകളിലെ ഒരു കോടി 30 ലക്ഷത്തോളം കർഷകരെ സ്വന്തം കൃഷിയിടങ്ങളിൽ നിന്നു കുടിയിറക്കി വന്യജീവികൾക്കായി വനവിസ്തൃതി വർധിപ്പിക്കുന്നത് ഒരു വിഭാഗം IFS ഉദ്യോഗസ്ഥരുടെ ഗൂഢപദ്ധതിയാണെന്ന് കേരള കോൺഗ്രസ് നേതാക്കൾ ആരോപിച്ചു.

✪✪✪

കോഴിക്കോട്ട് സ്വകാര്യ ആശുപത്രിയിൽ ചികിൽസയിൽ കഴിയുന്ന എഴുത്തുകാരൻ MT വാസുദേവൻനായരുടെ ആരോഗ്യ സ്ഥിതിയിൽ നേരിയ പുരോഗതി ഉണ്ടെന്ന് ആശുപത്രി കേന്ദ്രങ്ങൾ അറിയിച്ചു. തീവ്രപരിചരണ വിഭാഗത്തിൽ കഴിയുന്ന അദ്ദേഹത്തിന്റെ ആരോഗ്യസ്ഥിതി വിദഗ്ധ മെഡിക്കൽ സംഘം വിലയിരുത്തി വരുന്നുണ്ട്.

✪✪✪

കേരള നിയമസഭാ അന്താരാഷ്ട്ര പുസ്തകോത്സവം ജനുവരി ഏഴു മുതൽ 13 വരെ നിയമസഭാ മന്ദിരത്തിൽ നടത്തും. ജനുവരി ഏഴിന് രാവിലെ ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ മുഖ്യമന്ത്രി പിണറായി വിജയൻ പുസ്തകോത്സവം ഉദ്ഘാടനം ചെയ്യും.

കർണാടക സ്പീക്കർ UT ഖാദർ, സാഹിത്യകാരൻ ദേവദത്ത് പട്നായിക് എന്നിവർ മുഖ്യാതിഥികളാകും. 150-ലധികം ദേശീയ - അന്തർദേശീയ പ്രസാധകർ ഇത്തവണ പുസ്തകോത്സവത്തിൽ പങ്കെടുക്കുന്നുണ്ട്.

✪✪✪

ഇന്ന് ദേശീയ കർഷക ദിനം. രാജ്യത്തിന്റെ വളർച്ചയ്ക്കും വികസനത്തിനും കർഷകരുടെ സംഭാവനയെ ബഹുമാനിക്കുകയാണ് ദിനാചരണത്തിന്റെ ഉദ്ദേശ്യം. ഭക്ഷ്യ സുരക്ഷ, സുസ്ഥിത ഗ്രാമ സാമ്പത്തിക ഭദ്രത, കാർഷിക പാരമ്പര്യം സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത, കാർഷിക പാരമ്പര്യസംരക്ഷണം എന്നിവയിലേക്ക് സമൂഹത്തിന്റെ ശ്രദ്ധപതിപ്പിക്കുകയാണ് ദിനാചരണത്തിന്റെ ലക്ഷ്യം.

ന്യൂസ് ഡെസ്ക് തയ്യാറാക്കിയ റിപ്പോർട്ട്

......വോയ്സ്.........

കർഷക സമൂഹത്തിന്റെ ക്ഷേമത്തിന് കേന്ദ്രഗവൺമെന്റ് നിരവധി പദ്ധതികൾ നടപ്പാക്കി വരുന്നുണ്ട്. അവരുടെ സാമൂഹ്യ-സാമ്പത്തിക ഉന്നതിക്കും, സുസ്ഥിര കാർഷിക വളർച്ചയ്ക്കും ഊന്നൽ നൽകുന്നതാണ് പ്രധാൻ മന്ത്രി കിസാൻ സമ്മാൻ നിധി, പ്രധാൻ മന്ത്രി ഫസൽ ബീമ യോജന, പ്രധാൻ മന്ത്രി കിസാൻ മൻധൻ യോജന എന്നിവ. കർഷകരുടെ സാമ്പത്തിക സുരക്ഷയും ദീർഘകാല സാമൂഹ്യ സുരക്ഷയും ഉറപ്പാക്കുന്നവയാണ് ഈ പദ്ധതികൾ. നടപ്പുവർഷം 332 ദശലക്ഷത്തിലേറെ ടൺ ഭക്ഷ്യ ധാന്യങ്ങളുടെ റെക്കോർഡ് ഉത്പാദനം രാജ്യത്തുണ്ടായി. മുൻ വർഷത്തേക്കാൾ മൂന്ന് ദശലക്ഷത്തിലേറെ ടൺ വർദ്ധനയാണ് ഇത്തവണയുണ്ടായത്.

✪✪✪

ന്യൂനപക്ഷ വികസന ഫിനാൻസ് കോർപ്പറേഷൻ വഴി ക്ഷീര മേഖലയിൽ പുതു സംരഭങ്ങൾ തുടങ്ങാനും കന്നുകാലികളെ വാങ്ങുന്നതിനും വായ്പകൾ അനുവദിക്കുമെന്ന് മന്ത്രി V.അബ്ദുറഹിമാൻ പറഞ്ഞു. മൂർക്കനാട് ആരംഭിക്കുന്ന മിൽമ മിൽക്ക് പൗഡർ ഫാക്ടറിയുടേയും മലപ്പുറം ഡയറിയുടേയും ഉദ്ഘാടനത്തിന് മുന്നോടിയായി അഗ്രി-ഡയറി ഫെസ്റ്റ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

ആൻറി മൈക്രോബിയൽ പ്രതിരോധം സമീപഭാവിയിൽ ഉണ്ടായേക്കാവുന്ന വലിയ വിപത്താണെന്ന് മന്ത്രി വീണാ ജോർജ് വിലയിരുത്തി. സൗഖ്യം സദാ ആൻറിബയോട്ടിക് സാക്ഷരത യജ്ഞത്തിന്റെ സംസ്ഥാനതല ചടങ്ങ് മൈലപ്രയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. അശാസ്ത്രീയമായ മരുന്ന് ഉപയോഗം മരുന്നുകൊണ്ട് അസുഖം മാറാത്ത സാഹചര്യമുണ്ടാക്കുമെന്ന് VHSE-NSS വോളന്റിയർമാർ സംസ്ഥാനത്തെ എല്ലാ വീടുകളിലെത്തി മുന്നറിയിപ്പ് നൽകുന്ന ക്യാമ്പയിനാണ് നടത്തുന്നത്.

✪✪✪

വഡോദരയിൽ ICC വനിതാ ക്രിക്കറ്റ് ചാമ്പ്യൻഷിപ്പ് പരമ്പരയിലെ ആദ്യ ഏകദിനത്തിൽ ഇന്ത്യ, വെസ്റ്റ് ഇൻഡീസിനെ 211 റൺസിന് പരാജയപ്പെടുത്തി. 315 റൺസ് വിജയലക്ഷ്യം പിന്തുടർന്ന കരീബിയൻസ്, 26.2 ഓവറിൽ 103 റൺസിന് പുറത്തായി.

ടോസ് നഷ്ടപ്പെട്ട് ആദ്യം ബാറ്റ് ചെയ്ത ഇന്ത്യ, നിശ്ചിത 50 ഓവറിൽ 9 വിക്കറ്റ് നഷ്ടത്തിൽ 314 റൺസെടുത്തു. രേണുക ഠാക്കൂർ സിങാണ് പ്ലെയർ ഓഫ് ദ മാച്ച്. വഡോദരയിൽ, രണ്ടാം ഏകദിനം നാളെയും അവസാനത്തെ മത്സരം വെള്ളിയാഴ്ചയുമാണ്.

✪✪✪

ISL ഫുട്ബോളിൽ കൊച്ചിയിൽ കേരള ബ്ലാസ്റ്റേഴ്സ്, മൊഹമ്മദൻസ് SC-യെ എതിരില്ലാത്ത മൂന്ന് ഗോളിന് തോൽപ്പിച്ചു. ISL ൽ ബ്ലാസ്റ്റേഴ്സിന്റെ നാലാം വിജയമാണ് ഇത്. 13 കളികളിൽ നിന്ന് 14 പോയിന്റുമായി നിലവിൽ പത്താം സ്ഥാനത്താണ് കേരള ബ്ലാസ്റ്റേഴ്സ്. അവരുടെ അടുത്ത മത്സരം 29-ന് ജംഷഡ്പൂർ FC യുമായാണ്. ഇന്ന് ഹൈദരാബാദ് FC, നോർത്ത് ഈസ്റ്റ് യുണൈറ്റഡിനെ നേരിടും. വൈകീട്ട് 7.30 ന് ഹൈദരാബാദിലാണ് മത്സരം.

✪✪✪

ശബരിമല തങ്കഅങ്കി രഥഘോഷയാത്രയുടെ രണ്ടാം ദിവസമായ ഇന്ന് ഓമല്ലൂർ രക്തകണ്ഠ സ്വാമി ക്ഷേത്രത്തിൽ നിന്ന് യാത്രാസംഘം രാവിലെ എട്ടിന് പുറപ്പെടും. ഇന്ന് രാത്രി കോന്നി മുരിങ്ങമംഗലം ക്ഷേത്രത്തിലാണ് സംഘത്തിന്റെ രാത്രി വിശ്രമം. എഴുപത്തിഅഞ്ചോളം കേന്ദ്രങ്ങൾ സന്ദർശിച്ച് 25ന് രഥഘോഷ യാത്ര സന്നിധാനത്തു എത്തും. രഥഘോഷ യാത്ര കടന്നുപോകുന്ന സ്ഥലങ്ങളിലെല്ലാം വലിയ സ്വീകരണമാണ് ലഭിക്കുന്നത്.

✪✪✪

സംസ്ഥാന ഗവൺമെന്റിന്റെ 'കാരുണ്യ സ്പർശം - സീറോ പ്രോഫിറ്റ് ആന്റി കാൻസർ ഡ്രഗ്സ് ' പദ്ധതിയിൽ രണ്ട് കോടിയിൽപരം രൂപയുടെ മരുന്നുകൾ വിതരണം ചെയ്തതായി മന്ത്രി വീണാ ജോർജ് അറിയിച്ചു. ഇതിൽ ഒരു കോടി 34 ലക്ഷം രൂപ കുറവ് വരുത്തിയാണ് വിതരണം പൂർത്തീകരിച്ചത്. മൂന്നര മാസം കൊണ്ട് ഒട്ടേറെ പേർക്ക് പദ്ധതിയിലൂടെ പ്രയോജനം ലഭിച്ചതായി മന്ത്രി പറഞ്ഞു.

✪✪✪

കോഴിക്കോട് മാനാഞ്ചിറ സ്ക്വയറിലെ പുതുവത്സര ആഘോഷങ്ങൾക്ക് തുടക്കമിട്ട് ഇന്നലെ വൈകീട്ട് 'ഇല്യുമിനേറ്റിങ് ജോയി സ്പ്രെഡിങ് ഹാർമണി' ലൈറ്റ് ഷോ മന്ത്രി PA മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ കേക്ക് മുറിച്ച് പുതുവത്സരാഘോഷത്തിന് തുടക്കം കുറിക്കുകയും ചെയ്തു. വിനോദസഞ്ചാരവകുപ്പാണ് മാനാഞ്ചിറ സ്ക്വയറിലെ ദീപാലങ്കാരം ഒരുക്കിയിരിക്കുന്നത്.

✪✪✪

ഈ മാസം 27ന് ആരംഭിക്കുന്ന ബേപ്പൂർ അന്താരാഷ്ട്ര വാട്ടർ ഫെസ്റ്റിന്റെ മുന്നോടിയായി ചാലിയം, ബേപ്പൂർ ബീച്ചുകൾ ശുചീകരിച്ച് മാലിന്യ മുക്തമാക്കും. രാവിലെ ചാലിയത്തും നാളെ ബേപ്പൂരിലുമാണ് മാസ്സ് ക്ലീനിംഗ് ഡ്രൈവ്. സന്നദ്ധ പ്രവർത്തകർ, NSS വളണ്ടിയർമാർ, SPC കേഡറ്റുകൾ തുടങ്ങിയവർ ശുചീകരണ യജ്ഞത്തിൽ പങ്കാളികളാവും.

✪✪✪

തിരുവില്വാമല പാമ്പാടി ഐവർമഠം മഹാശ്മശാനത്തിലെ കളിയാട്ടം ഈ മാസം 25-ന് നടത്തും. ഐവർമഠം പൈതൃക സംസ്കാര സംരക്ഷണ സമിതി, കണ്ണൂർ കേരള ഫോക് ലോർ അക്കാദമിയുമായി സഹകരിച്ചാണ് കളിയാട്ടം സംഘടിപ്പിക്കുന്നത്.

✪✪✪